(ബി)	2001	..	3
	2002	..	7
	2003	..	1
	2004	..	3

(സി) '14' കേസുകളിലായി 20 പേർക്കെതിരെ കേസെടുത്തിട്ടുണ്ട്.

(ഡി) 7 കേസുകൾ ചാർജ്ജ് ചെയ്യുകയും ഒരു കേസ് റഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഇ ആന്റ് എഫ്) 2 കേസുകൾ വിചാരണ പൂർത്തിയാക്കിയിട്ടുണ്ട്. പ്രതികളെ ശിക്ഷിച്ചിട്ടില്ല.

യു. പി. എസ്. സി.-യുടെ പരീക്ഷാകേന്ദ്രങ്ങൾ

8 [3059] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. പി. എസ്. സി.-പോലുള്ള കേന്ദ്ര ഏജൻസികൾ നടത്തുന്ന മത്സര പരീക്ഷകൾക്ക് കേരളത്തിൽ ആവശ്യത്തിന് പരീക്ഷാകേന്ദ്രങ്ങൾ അനുവദിക്കാത്തകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം കേന്ദ്ര ഏജൻസികളുടെ ശ്രദ്ധയിൽപ്പെടുത്തി കൂടുതൽ പരീക്ഷാകേന്ദ്രങ്ങൾ അനുവദിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആവശ്യത്തിന് പരീക്ഷാകേന്ദ്രങ്ങൾ അനുവദിക്കാത്ത സാഹചര്യം വന്നാൽ, കൂടുതൽ പരീക്ഷാകേന്ദ്രങ്ങൾ അനുവദിപ്പിക്കുന്ന കാര്യം കേന്ദ്ര ഏജൻസികളുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി

9 [T3060] ശ്രീ. റോഷി അഗസ്റ്റിൻ:

" തോമസ് ചാഴികാടൻ:

" കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഒരു വർഷമായി നിജപ്പെടുത്തുന്നതിന് സർക്കാരിനുദ്ദേശമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly